പത്രക്കുറിപ്പ്

27-9-2017

## അഹമ്മദാബാദിലെ ദേശീയ സരസ് ഉൽപന്ന പ്രദർശന വിപണന മേള:

## *കുടുംബശ്രീക്ക്  മികച്ച സ്റ്റാളിനുള്ള പുരസ്കാരം*

തിരുവനന്തപുരം: കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ അഹമ്മദാബാദിൽ സെപ്റ്റംബർ 15 മുതൽ 26 വരെ സംഘടിപ്പിച്ച ദേശീയ സരസ് ഉൽപന്ന പ്രദർശന വിപണന മേളയിൽ കുടുംബശ്രീക്ക് അംഗീകാരം. ഇരുപതോളം സംസ്ഥാനങ്ങൾ പങ്കെടുത്ത മേളയിൽ മികച്ച സ്റ്റാളിനും വിറ്റുവരവിനുമുള്ള പുരസ്കാരം എറണാകുളം ജില്ലയിൽ നിന്നുള്ള ഹസ്തകല യൂണിറ്റും കോഴിക്കോടു നിന്നുള്ള ബാപ്പുജി യൂണിറ്റും സ്വന്തമാക്കി.

യൂണിറ്റുകളെ പ്രതിനിധീകരിച്ച് കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റായ അംബികാ വേണു ഡി.ആർ.ഡി.എ ഡയറക്ടർ എ.കെ.സിങ്ങിൽ നിന്നും പുരസ്കാരം സ്വീകരിച്ചു.

എല്ലാവർഷവും ഇതര സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളയിൽ കുടുംബശ്രീ സംരംഭകർ തങ്ങളുടെ ഉൽപന്നങ്ങളുമായി പങ്കെടുക്കാറുണ്ട്. ഇത്തവണ എറണാകുളം പത്തനംതിട്ട കോഴിക്കോട് ജില്ലകളിൽ നിന്നുള്ള ഹസ്തകല  ആവണി ആശ  പുതുമ ബാപ്പുജി എന്നീ യൂണിറ്റുകളിലെ വനിതകളും ഇവരുടെ സഹായത്തിനായി നിയോഗിച്ച നാലു മൈക്രോ എൻർപ്രൈസസ് കൺസൾട്ടന്റുമാരുമാണ് സരസ് മേളയിൽ പങ്കെടുത്തത്. പത്തു ദിവസത്തെ വിൽപനയിലൂടെ  അഞ്ചര ലക്ഷം രൂപയുടെ വിറ്റുവരവു നേടാൻ കുടുംബശ്രീ സംരംഭകർക്കു കഴിഞ്ഞുവെന്നത് ശ്രദ്ധേയമായ നേട്ടമാണ്.

സുഗന്ധവ്യഞ്ജനങ്ങൾ ആയുർവേദ ഉൽപന്നങ്ങൾ ഹെർബൽ ഉൽപന്നങ്ങൾ മുളയരി ചിപ്സ് വിവിധതരം അച്ചാറുകൾ അരിപ്പൊടി പുട്ടുപൊടി കൂവപ്പൊടി പ്രകൃതി സൗഹൃദ ബാഗുകൾ തേൻ തുടങ്ങി നിരവധി ഉൽപന്നങ്ങൾ ഇത്തവണയും കുടുംബശ്രീ സംരംഭകർ മേളയിലെത്തിച്ചിരുന്നു. തങ്ങളുടെ ഉൽപന്നങ്ങൾ കേരളത്തിനു പുറമേ ഇതര സംസ്ഥാനങ്ങളിലും വിറ്റഴിക്കുന്നതിനും മെച്ചപ്പെട്ട വരുമാനം നേടുന്നതിനുമുള്ള അവസരമായിട്ടാണ് കുടുംബശ്രീ വനിതാ സംരംഭകർ ദേശീയ സരസ് മേളയെ കാണുന്നത്. ഇപ്രകാരം ഇതര സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന സരസ്മേളയിൽ

കുടുംബശ്രീ സംരംഭകർക്ക് സ്ഥിരമായി പങ്കെടുക്കാൻ കഴിയുന്നതിലൂടെ അവിടങ്ങളിലും തങ്ങളുടെ ഉൽപന്നങ്ങളെ പരിചയപ്പെടുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും കുടുംബശ്രീ അവസരമൊരുക്കുന്നു.

ദേശീയ സരസ് മേളയോടനുബന്ധിച്ച് സംരംഭകർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനായി ഇത്തവണ ഒരു മാർക്കറ്റിങ്ങ് ടീമും സജ്ജീകരിച്ചിരുന്നു. ഇതോടൊപ്പം വിവിധ കാരണങ്ങളാൽ മേളയിൽ പങ്കെടുക്കാൻ കഴിയാത്ത സംരംഭകരിൽ നിന്നും ഉൽപന്നങ്ങൾ വാങ്ങി സരസ് മേളയിൽ പ്രദർശിപ്പിച്ച് വിപണനം നടത്തുന്നതിനും ഇവരെ ചുമതലപ്പെടുത്തിയിരുന്നു. ഇതു പ്രകാരം മേളയിൽ പങ്കെടുക്കാൻ കഴിയാതിരുന്ന സംസ്ഥാനത്തെ പല കുടുംബശ്രീ സംരംഭകർക്കും മാർക്കറ്റിങ്ങ് ടീമിന്റെ സഹായത്തോടെ സരസ് മേളയിൽ തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സാധിച്ചു എന്നതും ശ്രദ്ധേയമായ നേട്ടമാണ്.

ഇന്നു(27-9-2017) മുതൽ ഒക്ടോബർ എട്ടു വരെ വിജയവാഡയിൽ നടക്കുന്ന സരസ് മേളയിലും കുടുംബശ്രീ സംരംഭകർ തങ്ങളുടെ ഉൽപന്നങ്ങളുമായി പങ്കെടുക്കും. കൂടാതെ ഒക്ടോബറിൽ രാജസ്ഥാനിലെ ജയ്പ്പൂർ ഉത്തരാഖണ്ഡിലെ ഹിമാന്യ സരസ് ഡെറാഡൂൺ ഗോവ എന്നിവിടങ്ങളിലും നവംബറിൽ കൽക്കട്ടയിലും ഡിസംബറിൽ ഛത്തീസ്ഗഡിലെ ഭിലായിലും സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളയിൽ കുടുംബശ്രീ സംരംഭകർ പങ്കെടുക്കും. സരസ് മേളയിൽ സ്ഥിരമായി പങ്കെടുക്കുന്നതിലൂടെ കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് രാജ്യമൊട്ടാകെ വിപണി കണ്ടെത്തുകയും അതോടൊപ്പം ഉൽപാദനവും വരുമാനവും വർധിപ്പിക്കുക എന്നതുമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ